بسم الله الرحمن الرحيم
نحمده ونصلي علي رسوله الكريم. وعلى عبده المسيح الموعود

**ഖുത്ബ**
**2.9.2005**
**ബൈത്തുർറശീദ്, ഹംബർഗ്**
**ജർമ്മനി**

# ജൽസയിൽ നേടിയത് ജീവിതത്തിന്റെ ഭാഗമാക്കുക

**ക**ഴിഞ്ഞ ഞായറാഴ്ച ദൈവികാനുഗ്രഹത്താൽ ജർമനി അഹ്മദിയ്യാ ജമാഅത്തിന്റെ തൃദിന വാർഷിക ജൽസ (സമ്മേളനം) സമാപിക്കുകയുണ്ടായി. ആത്മാർത്ഥരായ ഓരോ അഹ്മദിയും ആ മൂന്നുദിവസം കാരുണ്യങ്ങളും അനുഗ്രങ്ങളും അനുഭവിച്ചു. നേരിട്ട് ഇവിടെ സന്നിഹിതരായ നിങ്ങൾ മാത്രമല്ല അതിൽ പങ്കെടുത്തത്, ലോകത്ത് ഏതെല്ലാം രാജ്യങ്ങളിൽ ജമാഅത്ത് സ്ഥാപിതമായിട്ടുണ്ടോ അവിടെത്തെ ആത്മാർത്ഥരായ എല്ലാ അഹ്മദികളും മുസ്ലിംടെലിവിഷൻ അഹ്മദിയ്യാ മുഖേന ഈ അനുഗ്രഹങ്ങൾ നേരിൽ കാണുകയുണ്ടായി. ഇതിന്റെ പ്രതികരണങ്ങൾ കത്തുകളും ഫാക്സുകളുമായി കിട്ടിക്കൊണ്ടിരിക്കുന്നു. ആ ആത്മീയചുറ്റുപാട്കൊണ്ട് അധികമാളുകളും തങ്ങളുടെ ഉള്ളിൽ അനുഭവിച്ചറിഞ്ഞ ഈ മാറ്റം, വെറും പ്രസംഗങ്ങൾ ഉന്നതക്കിടയിലുള്ളതായിരുന്നതുകൊണ്ടോ പ്രസംഗവിഷയങ്ങൾ ആകർഷണീയമായതുകൊണ്ടോ പ്രസംഗകരുടെ അവതരണ ചാതുര്യംകൊണ്ടോ പങ്കെടുത്തവർ ജൽസ പരിപാടികൾ അതീവശ്രദ്ധയോടെ ശ്രവിച്ചതുകൊണ്ടോ അധികമാളുകളും സ്നേഹത്തോടും സന്തോഷത്തോടും കഴിഞ്ഞിരുന്നതുകൊണ്ടോ എല്ലാവരിലും ഒരു പ്രത്യേക ആവേശം അലയടിച്ചിരുന്നതുകൊണ്ടോ ആയിരുന്നില്ല. തീർച്ചയായും ഇതൊക്കെ ഉണ്ടായിരുന്നു എന്നത് ശരിതന്നെ. പക്ഷേ, ഇതിനെല്ലാം പിന്നിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ആകർഷിച്ചെടുക്കുന്നതിനും അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ വലിച്ചടുപ്പിക്കുന്നതിനും ആ അനുഗ്രങ്ങൾ ജൽസയുടെ സന്ദർഭത്തിൽ ഇറങ്ങുന്നത് കാണുന്നതിനും- അതെല്ലാവരും കാണുന്നുണ്ടായിരുന്നു - വേണ്ടിയുള്ള ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആകൾ ആയിരുന്നു. ആ ദുആകൾ ഇന്നേയ്ക്ക് നൂറു വർഷം മുമ്പേ ഹസ്റത്ത് മസീഹ് മൗഊദ്(അ) ജൽസയിൽ പങ്കെടുക്കുന്നവർക്കായി ചെയ്തതായിരുന്നു. ഖാദിയാനിലെ ജൽസസാലാനയിൽ പങ്കെടുക്കുന്നവർക്കായി ചെയ്യപ്പെട്ട ആ ദുആകളുടെ സ്വാധീനം ഇന്ന് അഹ്മദിയ്യാ ജമാഅത്ത് സ്ഥിതിചെയ്യുന്ന ഓരോ രാജ്യത്തും, എവിടെയൊക്കെ ജൽസ സംഘടിപ്പിക്കപ്പെടുന്നുണ്ടോ അവിടെയൊക്കെ നമ്മുടെമേൽ നാം കാണുന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ) ഈ ജൽസകൊണ്ടുദ്ദേശിച്ചത് തന്റെ ജമാഅത്തിൽ പരിശുദ്ധമായ ഒരു മാറ്റമുണ്ടാക്കുകയും ഓരോ അഹ്മദിയേയും നബി(സ) തിരുമേനിയുടെ ജീവിതമാതൃകയിലൂടെ നടത്തുകയും ഓരോ അഹ്മദിയേയും അല്ലാഹുവിന്റെ യഥാർത്ഥ ദാസരാക്കിത്തീർക്കുകയും ചെയ്യുക എന്നതായിരുന്നു. ഇതിനുവേണ്ടിയാണ് അവിടന്ന് ഈ ജൽസകൾ സ്ഥാപിച്ചത്. തങ്ങളുടെ ഉള്ളിൽ പരിശുദ്ധമായ മാറ്റമുണ്ടാക്കണമെന്ന ഉദ്ദേശ്യവുമായി ജമാഅത്തംഗങ്ങൾ ജൽസയ്ക്കു വരണമെന്നാണ് അവിടത്തെ ദീർഘവീക്ഷണം. ജൽസയുടെ ഉദ്ദേശ്യം പൂർത്തിയാകുന്നില്ലെന്ന് ഒരു വർഷം ആ മഹാത്മാവിന് തോന്നി. കാരണം പങ്കെടുത്തവരിൽ ചിലർ ഈ ജൽസയെ വെറും ഭൗതികമായ മേളയായിക്കണ്ടു. ഇക്കാരണത്താൽ ഒരുവർഷം അവിടന്ന് ജൽസ നടത്തിയില്ല. അവിടന്ന് പറഞ്ഞു: ഞാൻ ജൽസ നടത്തുന്നതിന്റെ ഉദ്ദേശ്യം, എന്നെ വിശ്വസിക്കുന്നവരുടെ സംഖ്യാബലം പ്രദർശിപ്പിക്കുകയോ എന്റെ വലിപ്പം കാണിക്കുകയോ ചെയ്യുക എന്നതല്ല. ഞാനാഗ്രഹിച്ചിരുന്നത് ജനങ്ങൾ അല്ലാഹുവിനുവേണ്ടി മാത്രം ഈ ജൽസയിൽ പങ്കെടുക്കാൻ വരികയെന്നതാണ്. പറഞ്ഞു: കഴിഞ്ഞവർഷത്തെ ജൽസ കണ്ടപ്പോൾ, ജനങ്ങൾ ഈ ജൽസയേയും ഒരു മേളയായി കണക്കാക്കുന്നതുപോലെ എനിക്കുതോന്നി. ആ ചിന്താഗതിയെ ഞാൻ വെറുക്കുന്നു. അതുകൊണ്ട് ഈ വർഷം ജൽസ സംഘടിപ്പിക്കുന്നില്ല. പിന്നീട് തന്റെ ഉദ്ദേശ്യം പൂർത്തിയാകുംവിധം ജൽസ നടത്താൻ അവസരമുണ്ടായപ്പോൾ തീർച്ചയായിട്ടും അവിടന്ന്, അല്ലാഹു ജൽസയിൽ പങ്കെടുക്കുന്നവരിൽ റൂഹാനിയ്യത്ത് സൃഷ്ടിക്കുന്നതിനും പരിശുദ്ധമാറ്റമുണ്ടാക്കുന്നതിനും വേണ്ടി ഒരുപാട് ദുആ ചെയ്തിട്ടുണ്ടാകും. ജൽസയിൽ പങ്കെടുക്കുന്നവർ അല്ലാഹുവിനുവേണ്ടി മാത്രം പങ്കെടുക്കുന്നതിനും ദുആ ചെയ്തിട്ടുണ്ടാകും.

ഇന്ന് എവിടെയൊക്കെ ജമാഅത്ത് ജൽസകൾ സംഘടിപ്പിക്കുന്നുണ്ടോ അവിടെയൊക്കെ ആ ദുആ സ്വീകാര്യതയുടെ അടയാളം നാം കാണുന്നു. ഇന്ന് ലോകത്ത് ഏത് രാജ്യത്തും അഹ്മദിയ്യാ ജമാഅത്ത് സംഘടിപ്പിക്കുന്ന ജൽസയുടെ വിജയം, തന്നെ വിശ്വസിക്കുന്നവരുടെ മനസ്സുകളിൽ പരിശുദ്ധമായ മാറ്റമു

ണ്ടാകണമെന്ന ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗ്രഹത്തിന്റേയും ചിന്തയുടേയും ആ വേദന നിറഞ്ഞ ദുആയുടേയും ഫലമാണ്. ഇന്ന് നമ്മൾ എല്ലായിടത്തും കണ്ടുകൊണ്ടിരിക്കുന്നതും തിന്നുകൊണ്ടിരിക്കുന്നതും ആ ഫലം തന്നെയാണ്.

ആ മഹാത്മാവ് ചെയ്യുന്ന ദുആകളെ സ്വീകരിക്കുന്നതിനെ സംബന്ധിച്ച് അല്ലാഹു പലപ്രാവശ്യവും അദ്ദേഹത്തിന് സുവാർത്ത അറിയിച്ചിട്ടുണ്ട്. ഉദാഹരണത്തിന് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് പാർസി ഭാഷയിലുണ്ടായ ഒരു ഇൽഹാം ഇങ്ങനെയാണ്.

دست تو، دعائے تو، ترحم ز خدا

'ദസ്തെ തു, ദുആയെ തു തറഹ്ഹും സെ ഖുദാ' നിന്റെ പ്രാർത്ഥനയുടെ ഫലമായി അല്ലാഹുവിന്റെ കാരുണ്യത്തിന്റെ മഴ വർഷിക്കുന്നു. (*ഹഖീഖത്തുൽ വഹ്യ്, പേജ്:99*)

1903-ലുണ്ടായ ഒരു ഇൽഹാമുണ്ട്. ഇത് കൂടാതെ വേറെയും ധാരാളം ഇൽഹാമുകളുണ്ട്.

دُعَاؤُكَ مُسْتَجَابٌ

നിന്റെ ദുആ സ്വീകരിക്കപ്പെട്ടു.

ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിരന്തരമായ ദുആയുടേയും അവിടത്തെ ദുആകൾ സ്വീകരിക്കുമെന്ന അല്ലാഹുവിന്റെ വാഗ്ദാനത്തിന്റേയും അനുഗ്രഹമാണ് നാം ഇന്ന് പറ്റിക്കൊണ്ടിരിക്കുന്നത്.

ഭൗതികദൃഷ്ടിയോടെ ഒരാൾ നോക്കുകയാണെങ്കിൽ, ഒരിക്കലും സാധ്യമാവുകയില്ല എന്ന് തോന്നുന്ന കാര്യങ്ങളും ഈ ജൽസയിൽ കാണാവുന്നതാണ്. പക്ഷേ, അല്ലാഹു അത്ഭുതമുളവാക്കുന്ന രീതിയിൽ ആ കാര്യങ്ങളൊക്കെ മനോഹരമായി പൂർത്തിയാക്കിത്തരുന്നു. ഉദാഹരണത്തിന്, ജൽസയ്ക്കുവേണ്ടിയുള്ള തയ്യാറെടുപ്പിന്റെ ഘട്ടം. ജൽസാവേളയിൽ നിങ്ങളുടെ ജൽസസാലാന ഓഫീസറുടെ ഒരു ഇന്റർവ്യൂ എം.ടി.എയിൽ സംപ്രേഷണം ചെയ്തിരുന്നു. ഒരു പരിചയവുമില്ലാത്ത പണികൾപോലും ചില വാളന്റിയർമാർ സുപരിചിതരാണെന്നു തോന്നുംവിധം എടുക്കുകയുണ്ടായി; പന്തലുകൾ കെട്ടുക തുടങ്ങിയ ജോലികൾ. ഇതിന് ടെക്നിക്കുകൾ അറിയുന്ന ആളുകൾ ആവശ്യമാണ്. തൊഴിലുപരമായ ചില കഴിവുകൾ ആവശ്യമാണ്. എന്നാൽ, നമ്മുടെ യുവാക്കൾ വളരെ ആവേശത്തോടും അത്യുത്സാഹത്തോടും കൂടി പൂർണ്ണഅറിവുള്ളവരാണെന്നപോലെ പ്രവർത്തിച്ചു. അവരിൽ ചിലർ ഡാക്ടർമാരാണ്. ചിലർ എഞ്ചിനിയർമാരാണ്. ചിലർ സയൻസ് വിദ്യാർത്ഥികളാണ്. യൂണിവേഴ്സിറ്റിയിൽ പി.എച്ച്.ഡി വിദ്യാർത്ഥികളാണ്. പക്ഷേ, ഒരു സാധാരണക്കാരനെപ്പോലെ, ഒരു സാധാരണ തൊഴിലാളിയെപോലെ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനായി പ്രവർത്തിച്ചു.

കൂടാതെ ജൽസാദിനങ്ങളിലെ ഡ്യൂട്ടി ചെയ്യലാണ്. ചില ആൺകുട്ടികളും പെൺകുട്ടികളും 24 മണിക്കൂറും ഡ്യൂട്ടികൾ നിർവഹിച്ചുകൊണ്ടിരുന്നു. നിസ്വാർത്ഥരായി ഒരു പ്രതിഫലവും ആഗ്രഹിക്കാതെ വ്യക്തിപരമായ ഒരു നേട്ടവും ആഗ്രഹിക്കാതെ ഈ പ്രവർത്തികളെല്ലാം ചെയ്തുകൊണ്ടിരുന്നു. അല്ലാഹു ഇവർക്കെല്ലാം പ്രതിഫലം നല്കുമാറാകട്ടെ.

ഈ പ്രവർത്തനാത്മാവ് എങ്ങനെയാണ് അവരിലുണ്ടായത്. ഇതിന്റെ പിന്നിലുള്ള വികാരം, ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളെ സേവിക്കണം എന്നതു തന്നെയാണ്. തന്റെ അതിഥികൾക്ക് ആതിഥ്യം അരുളുന്നവർക്കുവേണ്ടി ഹസ്റത്ത് മസീഹ് മൗഊദ്(അ) ചെയ്ത ദുആയുടെ അവകാശികളായിത്തീരണമെന്ന വികാരമാണ്. ഞാൻ പറയുകയുണ്ടായി, നൂറുവർഷത്തിലധികമായി ഈ ജൽസ സംഘടിപ്പിച്ചുവരുന്നു. ഇത്തരം സൽക്കർമ്മങ്ങൾ ചെയ്തവരുടെമേൽ ഹസ്റത്ത് മസീഹ് മൗഊദ്(അ) ചെയ്ത ദുആയുടെ ഫലങ്ങളുണ്ടായിട്ടുള്ളത് കഴിഞ്ഞ നൂറുവർഷത്തിലധികമായി നാം കണ്ടുവരികയും ചെയ്യുന്നു. ഈ പ്രവർത്തനാത്മാവ്, ജമാഅത്തിലുള്ള ഈ ദൃഢത, ത്യാഗത്തിന്റെ ഈ കഴിവ് ഇതെല്ലാം ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആയുടെ ഫലം തന്നെയാണ്.

സ്ത്രീകളും പുരുഷന്മാരുമായ ഈ പ്രവർത്തകർക്ക് പുറമെ- ജൽസാഗാഹ് തയ്യാറാക്കൽ, ഭക്ഷണ പാചകം ചെയ്യൽ, അടിച്ചുവാരി വൃത്തിയാക്കൽ, ജൽസ കഴിഞ്ഞാൽ അതെല്ലാം എടുത്തു ഒതുക്കിവയ്ക്കൽ തുടങ്ങിയവ വളരെ ശ്രമകരമായ ജോലിയാണ്- ജൽസ കേൾക്കുന്നവരുടെമേലും അല്ലാഹുവിന്റെ അനുഗ്രഹം വർഷിക്കുന്നതായി നാം കാണുന്നു. ഇവിടെ മാത്രമല്ല, എം.ടി.എ മുഖേന ഈ പരിപാടികൾ കണ്ട ഓരോ രാജ്യത്തും- ജൽസയുടെ ചുറ്റുപാടുകൾ ഉണ്ടാക്കിത്തീർത്ത് പരിപാടികൾ ആസ്വദിച്ച ഓരോരുത്തരും, അത് പള്ളികളിലാവട്ടെ, വീടുകളിലാവട്ടെ- എല്ലാവരും അറിയിച്ചുകൊണ്ടിരിക്കുന്നത് ജൽസയുടെ ബർക്കത്തുകൾ ഞങ്ങളുടെമേൽ ഇറങ്ങുന്നത് ഞങ്ങൾ കാണുകയായിരുന്നു എന്നാണ്. ഈ അനുഗ്രഹം പ്രവർത്തകരിലുമുണ്ട്, പങ്കെടുക്കുന്നവരിലുമുണ്ട്. അവർ നേരിട്ട് പങ്കെടുത്താലും വേണ്ടില്ല, എം.ടി.എ മുഖേന പങ്കെടുത്താലും വേണ്ടില്ല. ഇത് വെറും ഈ മൂന്നുനാളത്തേക്കു വേണ്ടിയുള്ളതല്ല. ഹസ്റത്ത് മസീഹ് മൗഊദ്(അ) ന്റെ ആഗ്ര

ഹമനുസരിച്ച് ഈ അനുഗ്രഹങ്ങളെ സ്വരുക്കൂട്ടി ഇതിനെ ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കേണ്ടതാണ്. ഓരോ അഹ്മദിയും, യുവാവും വൃദ്ധനും സ്ത്രീയും കുട്ടിയും തുടങ്ങി എല്ലാവരുടേയും നിർബന്ധകടമയാണിത്; ഹസ്റത്ത് മസീഹ് മൗഊദ്(അ) ചെയ്ത ആ ദുആകൾ തലമുറ തലമുറയായി നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്നതിനുവേണ്ടി. അത് ലഭിക്കണമെങ്കിൽ നിങ്ങൾ – ഞാനത് ജൽസാദിനങ്ങളിലും പറഞ്ഞിട്ടുള്ളതാണ്– കേട്ട പ്രസംഗങ്ങളും ഉപദേശങ്ങളും നിങ്ങൾ നിങ്ങളുടെ ജീവിതത്തിൽ നടപ്പിൽവരുത്തിയ ആരാധനകളും പ്രാർത്ഥനകളും, മുടങ്ങാതെ മുന്നോട്ടുകൊണ്ടുപോകേണ്ടതാണ്. ചിലയാളുകൾ ആ ആധ്യാത്മികാവസ്ഥ തങ്ങളുടെമേൽ ഇറങ്ങുന്നത് കാണുകയുണ്ടായി. ഈമാൻ ദൃഢീകരിക്കുന്നതിനായി ചിലർക്ക് അല്ലാഹു ഇങ്ങനെ കാണിച്ചുകൊടുക്കാറുണ്ട്. എന്നാൽ, ഇത് അനുഭവിച്ചിട്ടില്ലാത്തവരും ഈ ചുറ്റുപാടിൽ വസിച്ച കാരണത്താൽ അല്ലാഹുവിന്റെ അനുഗ്രഹവർഷത്തിൽ ഭാഗഭാക്കാകുന്നതാണ്.

ഒരു സ്ത്രീ ഒരു സംഭവം എഴുതി അറിയിക്കുകയുണ്ടായി. ഞാനത് പ്രവർത്തകയോഗത്തിലും പറഞ്ഞതാണ്; 8 വർഷം മുമ്പേ ബയ്അത്ത് ചെയ്തശേഷം ജൽസയിൽ പങ്കെടുക്കാൻ അവർ വന്നു. ഒരു പഴയ അഹ്മദിയോടൊപ്പമാണ് വന്നത്. പഴയ അഹ്മദി സ്ത്രീ തന്റെ ഏതെങ്കിലും ബന്ധുവിന്റെ വീട്ടിൽ താമസിക്കാൻ തീരുമാനിച്ചു. എന്നാൽ പുതിയതായി ബയ്അത്ത് ചെയ്ത ഇവർ വളരെ വിഷമിച്ചു. കാരണം അവർക്കവിടെ ബന്ധുക്കളാരും ഉണ്ടായിരുന്നില്ല. തനിക്ക് പരിചയമുള്ള ഈ സ്ത്രീയാണെങ്കിൽ ഇവിടെനിന്ന് ബന്ധുവിന്റെ വീട്ടിലേക്ക് പോകുകയുമാണ്.

ജൽസയിലെ ചുറ്റുപാടുകൾ എങ്ങനെയായിരിക്കുമെന്നൊന്നും അവർക്കറിയില്ലായിരുന്നു. ആരേയും അവർ അറിയുകയുമില്ല. ഇനി എന്തുചെയ്യും എന്ന് ഓർത്ത് അവർ വിഷമിച്ചു. പഴയ അഹ്മദി സ്ത്രീ നേരം സന്ധ്യയായപ്പോൾ അവരുടെ ബന്ധുവിന്റെ വീട്ടിലേക്ക് പോയി. ഈ പുതിയ അഹ്മദിസ്ത്രീ ജൽസാഗാഹിൽ തന്നെ ഇരുന്നു. തനിക്കുണ്ടായ ആ വിഷമാവസ്ഥയിൽ ദുആ ചെയ്തുകൊണ്ടിരുന്നു. ആ അവസ്ഥയിൽ അവർക്ക് മയക്കം വന്നു. അപ്പോൾ അവർ കണ്ടു; ആകാശത്തുനിന്ന് ഒരു പ്രകാശം പുറപ്പെട്ടു. അതൊരു വൃത്തരൂപത്തിലായി. അതിൽനിന്ന് കുറച്ച് കടലാസ് കഷണങ്ങൾ താഴേക്കുവീണു. അതിൽ അറബിവചനങ്ങൾ എഴുതിയിരുന്നു. അതെന്തായിരുന്നുവെന്ന് അവർക്കോർമ്മയില്ല. എന്നാൽ, വിശുദ്ധഖുർആനിലെ ഏതോ ദുആയും ഉപദേശവും കല്പനയുമായിരുന്നു അതെന്ന് അവർ കരുതുന്നു. അവർ പറയുന്നു: ഞാനാ കടലാസുകഷണങ്ങൾ എടുത്ത് ഒരുമിച്ചുകൂട്ടി. അപ്പോഴത്തെ ഈ കാഴ്ച എന്നിൽനിന്ന് എല്ലാ ഭയവും വിഷമവും നീക്കി. പുതിയസ്ഥലമാണ് പുതിയ ആളുകളാണ് എന്ന ചിന്തയേ ഉണ്ടായില്ല. അടുത്തദിവസം ആ പഴയ അഹ്മദിസ്ത്രീ അവിടെവന്നു. ഞാൻ ഇന്ന ബന്ധുവിന്റെ വീട്ടിലായിരുന്നെന്നും രാത്രി സുഖമായി കഴിഞ്ഞുകൂടിയെന്നും പറഞ്ഞുകൊണ്ട്, നിങ്ങൾ രാത്രി സുഖകരമായി കഴിഞ്ഞോ എന്ന് ചോദിച്ചു. ആ പുതിയ അഹ്മദി സ്ത്രീ പറഞ്ഞു: ഞാൻ കണ്ട കാഴ്ച, അല്ലാഹു തന്റെ അനുഗ്രഹംകൊണ്ട് എന്നെ കടാക്ഷിച്ചതുപോലെ, എന്റെ സമാധാനത്തിന്റെ അന്തരീക്ഷം സൃഷ്ടിച്ചതുപോലെ നിങ്ങൾക്ക് എവിടെന്ന് ലഭിക്കാനാണ്.

നോക്കുക, സദുദ്ദേശ്യത്തോടെ ജൽസയിൽ പങ്കെടുക്കുന്നവർക്ക് അല്ലാഹു എങ്ങനെയാണ് തന്റെ അനുഗ്രഹങ്ങളുടെ വർഷം കാണിച്ചുകൊടുക്കുന്നത്. അത് ഈമാന്റെ ദൃഢതയും ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രാർത്ഥനാ സ്വീകാര്യത്തിന്റെ അടയാളം പ്രകടിപ്പിക്കുന്നതുമാണ്. ഇത് ആ ഒരു സ്ത്രീക്കുവേണ്ടി അല്ലെങ്കിൽ ഒരു കുടുംബത്തിനുവേണ്ടി പ്രത്യേകപ്പെടുത്തിയിട്ടുള്ളതല്ലായിരുന്നു. അത് ആ മുഴുവൻ ചുറ്റുപാടിനും വേണ്ടിയുള്ളതായിരുന്നു. ജൽസയിൽ പങ്കെടുത്ത എല്ലാവർക്കും വേണ്ടിയുള്ളതായിരുന്നു. കാരണം ഹസ്റത്ത് മസീഹ് മൗഊദ്(അ) അവർക്കായി പ്രത്യേകം ദുആ ചെയ്തിട്ടുണ്ട്.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ, ഈ ജൽസയെ മനുഷ്യർ സംഘടിപ്പിക്കുന്ന സാധാരണ ജൽസപോലെ കരുതരുത്. കറയറ്റ ദൈവസഹായത്തിലും ഇസ്ലാമിന്റെ ഉന്നതമായ അടിസ്ഥാനവചനത്തിലും അസ്തിവാരമിടപ്പെട്ട കാര്യമാണിത്.

അതുകൊണ്ട് ഈ ദൈവികസഹായത്തിന്റെ കാഴ്ചകൾ ചിലർക്ക് അല്ലാഹു ഒരു പ്രത്യേക രൂപത്തിൽ കാണിച്ചുകൊടുക്കുന്നു. ചിലരുടെ മനസ്സ് ഈ സമാധാനംകൊണ്ട് അതിന് സാക്ഷിപറയുന്നു; യഥാർത്ഥത്തിൽ ആ ജൽസ ഒരു പ്രത്യേക ജൽസയാണെന്ന്. അതിൽ നാം അല്ലാഹുവിന്റെ സഹായത്തിന്റേയും ശക്തിയുടേയും കാഴ്ചകൾ കണ്ടു. എന്നാൽ, ഓർമ്മിച്ചുകൊള്ളുക. ഓരോ കർമ്മവും സോപാധികമായതാണ്. അതിനോടൊപ്പം സ്ഥായിയോടും ദൃഢനിശ്ചയത്തോടും കൂടിയുള്ള കർത്തവ്യങ്ങൾ ഉണ്ട്. നിങ്ങൾ ജൽസയിൽ മാറ്റം ഉണ്ടാക്കുകയും ഇല്ലെങ്കിൽ മാറ്റമുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്തിട്ട്, വന്നുടനെ അത് മറന്നുപോകുകയാണെങ്കിൽ ഈ മൂന്നു ദിവസത്തെ ജൽസ നിങ്ങൾക്ക് ഒരു ഫലവും ചെയ്യുകയില്ല. ജൽസയിൽനിന്നുള്ള അകൽച്ച നിങ്ങളെ തഖ്‌വയിൽനിന്നകറ്റിക്കൊണ്ടുപോയിട്ടുണ്ടെങ്കിൽ, ഈ മൂന്നു ദിവസവും നിങ്ങൾക്ക് നിഷ്ഫലമാണ്. ഏതെങ്കിലും വിഷമസന്ധിയിൽ അകപ്പെട്ട

പ്പോൾ നിങ്ങൾ കരഞ്ഞുകരഞ്ഞു നിസ്കാരത്തിൽ ദുആ ചെയ്തിട്ടുണ്ടാകും. പക്ഷേ, അല്ലാഹുവിന്റെ കല്പനയനുസരിച്ച് അഞ്ചുനേരവും സ്ഥിരമായിട്ട് നിസ്കരിക്കുന്ന അവസ്ഥ നിങ്ങൾ ഉണ്ടാക്കിയില്ല. കൂടുതൽ ആരാധനാകർമ്മങ്ങളിലേക്കും നിങ്ങൾ ശ്രദ്ധിച്ചില്ല.

ജൽസയും ഇതുപോലെതന്നെയാണ്. ഒരു ജൽസയിൽ കേൾക്കുകയും കാണുകയും ചെയ്ത പുതിയ കാര്യങ്ങളെ ഹൃദയത്തിൽ കുടിയിരുത്തേണ്ടതാണ്. ഇതിന്റെ സ്വാധീനം അടുത്ത ജൽസവരെ നിലനിറുത്താൻ ശ്രമിക്കേണ്ടതാണ്. പിന്നീട് അടുത്തവർഷം പുതിയൊരു ചൈതന്യത്തോടും ആവേശത്തോടും വികാരത്തോടുംകൂടി വീണ്ടും ചാർജായിക്കൊണ്ട് വരും കാലത്തേക്ക് പരിശുദ്ധമായ മാറ്റം ഉണ്ടാക്കേണ്ടതാണ്. ഇല്ലെങ്കിൽ, ജൽസയുടെ അനുഗ്രഹങ്ങളിൽ ഭാഗഭാക്കാകുന്നവരാകുകയില്ല. ജൽസയിൽ നിങ്ങൾ വിവിധ വിഷങ്ങളെക്കുറിച്ച് പ്രസംഗങ്ങൾ കേട്ടു. എന്നാൽ എല്ലാത്തിന്റേയും അടിസ്ഥാനം തഖ്‌വ ഒന്നുമാത്രമായിരുന്നു. അതായത് ഉള്ളിൽ പരിശുദ്ധമായ മാറ്റമുണ്ടാക്കൽ.

ഈ തഖ്‌വയെ നിങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കുക. എങ്കിൽ മാത്രമേ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആകളുടെ അവകാശികളായിക്കൊണ്ട് മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. 'ജൽസാദിനങ്ങളിൽ മതിയാവോളം അനുഗ്രഹം ലഭിച്ചു. ഇപ്പോൾ എന്റെ തിരക്കുകൾ ഈ രീതിയിലാണ്. അതുകൊണ്ട് കൃത്യമായിട്ടൊന്ന് നിസ്കരിക്കാൻ എനിക്കു സാധിക്കുകയില്ല, അതിലേക്ക് ശ്രദ്ധിക്കാനും പറ്റുകയില്ല, മറ്റു നന്മകളും ചെയ്യാൻ പറ്റില്ല' എന്ന് പറഞ്ഞ് ഒഴിഞ്ഞുമാറാൻ ആർക്കാണ് കഴിയുക. ഇതാരും പറയുകയില്ല. ഒരഹ്മദിയും പറയാൻ ധൈര്യം കാണിക്കുകയുമില്ല. എന്നാൽ, ചിലർ തങ്ങളുടെ പ്രവർത്തനം കൊണ്ടു നല്കുന്ന മറുപടി ഇതുതന്നെയാണ്. അതുകൊണ്ട് തഖ്‌വയുടെ ആത്മാവ് എന്താണെന്ന് മനസ്സിലാക്കുക. ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ദുആകൾ ആകർഷിച്ചെടുക്കുന്നവരായിത്തീരുക. അത് അല്ലാഹുവിനോടുള്ള കടമയും അവന്റെ സൃഷ്ടികളോടുള്ള കടമയും നിർവഹിക്കുമ്പോഴും ഈ കേട്ടതും കണ്ടതുമായ കാര്യങ്ങൾ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റുമ്പോഴും ഇതിൽ നിലനില്ക്കുന്നതിനു വേണ്ടി “അല്ലാഹുവേ, ഞങ്ങളെ സഹായിക്കുകയും ഞങ്ങൾ പഠിച്ചത് ഞങ്ങളിൽ നിക്ഷേപിക്കുകയും ചെയ്യേണമേ” എന്ന് സ്വയം ദുആ ചെയ്തുകൊണ്ടിരിക്കുമ്പോഴും മാത്രമേ ഇത് സാധ്യമാകുകയുള്ളൂ.

മനുഷ്യമനസ്സിനെക്കുറിച്ച് ഒന്നും അറിയാൻ പറ്റുകയില്ല. അതുകൊണ്ട് എപ്പോഴും ദീനിലും തഖ്‌വയിലും നിലകൊള്ളുന്നതിനായി ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. എന്നിൽ നന്മയുണ്ട് ഞാൻ വലിയവനാണ് എന്നുള്ള വിചാരമേ ആർക്കും ഉണ്ടാകാൻ പാടില്ല. ആ നന്മ കൂടുതൽ വിനയത്തിലേക്ക് നിങ്ങളെ കൊണ്ടുപോകുന്നതായിരിക്കണം. കൂടുതൽ വിനയത്തെക്കുറിച്ചുള്ള ചിന്തയുണ്ടാവേണ്ടതാണ്. അല്ലാഹുവിന്റെ അനുഗ്രഹമില്ലാതെ എന്തെങ്കിലും കിട്ടുകയോ അത് ജീവിതത്തിന്റെ ഭാഗമായി തീരുകയോ ചെയ്യുകയില്ല. നിങ്ങളെ അല്ലാഹു അഹ്മദിയ്യത്തിന്റെ പ്രകാശത്തിൽ പ്രശോഭിതരാക്കി. ഇവിടെ ഇരിക്കുന്ന അധികം പേരുടേയും മുൻകഴിഞ്ഞ മഹാത്മാക്കൾക്ക് അഹ്മദിയ്യത്ത് സ്വീകരിക്കാൻ ഭാഗ്യം കിട്ടി. എന്നെ കാണാൻ വരുമ്പോൾ, സ്വയം അവർ പരിചയപ്പെടുത്തുന്നതിൽനിന്ന് ഇതാണ് മനസ്സിലാകുന്നത്. ഞങ്ങളുടെ മാതാമഹൻ അല്ലെങ്കിൽ പിതാമഹൻ, അല്ലെങ്കിൽ പ്രപിതാവ് അല്ലെങ്കിൽ പ്രപിതാമഹൻ സഹാബിയായിരുന്നുവെന്ന് പറയാറുണ്ട്. അൽഹംദുലില്ലാഹ്. ഇത് വലിയ ബഹുമതിയാണ്. പക്ഷേ, നിങ്ങൾ സ്വയം ആ മഹാത്മാക്കളുടെ ചവിട്ടടികളിലൂടെ നടന്ന് നന്മ നിറഞ്ഞതും ഉന്നതവും പരിശുദ്ധവുമായ മാറ്റം നിലനാട്ടുന്നവരായി തീരുമ്പോഴാണ് ഈ ബഹുമതിയ്ക്കർഹരായിത്തീരുന്നത്; ദീനിന്റെ പ്രാധാന്യം നിങ്ങളുടെ ഉള്ളിലും നിങ്ങളുടെ മക്കളുടെ മനസ്സിലും നിലനാട്ടുന്നവരായി ത്തീരുമ്പോഴും ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തുകൊണ്ട്, അവിടത്തെ പ്രതീക്ഷക്കൊത്ത് കർമ്മങ്ങൾ ചെയ്യുന്നവരായിരിക്കുമ്പോഴുമാണ് അത് നിലകൊള്ളുന്നത്. ചില സ്ത്രീകൾ സ്വഹാബിമാരെ എടുത്തുദ്ധരിച്ചുകൊണ്ട് തങ്ങളെ പരിചയപ്പെടുത്താറുണ്ട്. പക്ഷേ, വസ്ത്രവും പർദ്ദയുടെ അവസ്ഥയും ഫാഷനും കാണുമ്പോൾ തോന്നുന്നത്, ദീനിന്റെമേൽ ദുനിയാവ് അതിജയിക്കുന്നുവെന്നാണ്. ജമാഅത്തുമായി ഒരു ബന്ധമുണ്ടെന്നത് ശരിതന്നെ. പഴയൊരു ബന്ധം എന്തായാലുമുണ്ട്. കുടുംബബന്ധമുണ്ട്. ഒരു സാമൂഹികബന്ധമുണ്ട്. എന്നാൽ സമൂഹത്തിന് വിധേയമായിക്കൊണ്ട് ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന ബാഹ്യാവസ്ഥ ദീനീപരമായ കാര്യത്തിൽ അഭിവൃദ്ധിയിലേക്ക് പോകേണ്ടതിനുപകരം അധഃപതനത്തിലേക്കാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. ബാഹ്യമായ അവസ്ഥയുടെ ബന്ധം മാനസികാവസ്ഥയിലും സ്വാധീനമുണ്ടാക്കുമെന്ന കാര്യം ഓർമ്മിക്കുക. പതുക്കെപതുക്കെ മനസ്സും ബാഹ്യമായ അവസ്ഥയുടെ സ്വാധീനവലയത്തിൽപെടും. അതുകൊണ്ട്, ഞങ്ങൾ സ്വഹാബിമാരുടെ മക്കളാണെന്ന കാര്യത്തിൽ മാത്രം സന്തോഷിക്കുകയും അഭിമാനംകൊള്ളുകയും ചെയ്യേണ്ട. പുരുഷനായാലും സ്ത്രീയായാലും സ്വയം തങ്ങളുടെ ഉള്ളിൽ പരിശുദ്ധമായ മാറ്റം ഉണ്ടാക്കാത്തിടത്തോളംകാലം, പൂർവ്വികപിതാക്കൾ സ്വഹാബിമാരായതുകൊണ്ട് ഒരു ഫലം ചെയ്യുകയില്ല.

നബി(സ) ഹസ്റത്ത് ഫാത്വിമ(റ)യോട് പറഞ്ഞു:

നിന്റെ കർമ്മം നല്ലതാകാത്തിടത്തോളം എന്റെ മകളായതുകൊണ്ട് നിനക്ക് ഫലമൊന്നും കിട്ടുകയില്ല. അതിനാൽ, കഴിഞ്ഞയാഴ്ച മൂന്ന് ദിവസത്തെ ഒരു ആത്മീയാന്തരീക്ഷം നിങ്ങൾക്ക് ലഭിക്കുകയുണ്ടായി. ഇനി വീട്ടിലിരുന്നുകൊണ്ടും ഇത് അയവിറക്കിക്കൊണ്ടിരിക്കുക. കുട്ടികളോടും നിങ്ങൾ പരസ്പരവും ഇതിനെക്കുറിച്ച് സംസാരിച്ചുകൊണ്ടിരിക്കുക. പ്രസംഗവിഷയങ്ങളെക്കുറിച്ചും ഉപദേശങ്ങളെക്കുറിച്ചും സംസാരിക്കുക. അപ്പോൾ നിങ്ങൾക്കിത് ഫലം ചെയ്യുന്നതാണ്. ഇങ്ങനെ നിങ്ങൾ ചിന്തിക്കുകയും ആലോചിക്കുകയും നമ്മളിൽ നിന്ന് എന്താണ് പ്രതീക്ഷിക്കുന്നതെന്നും നമ്മൾ എത്രത്തോളം അത് നിർവഹിക്കുന്നുണ്ടെന്നും വിലയിരുത്തുകയും ചെയ്യുമ്പോൾ എല്ലാ കാര്യങ്ങളും മുമ്പിൽ വരുന്നതാണ്. അപ്പോൾ സ്വയം മാറ്റം ഉണ്ടാക്കുന്നതിലേക്കും ശ്രദ്ധ ഉണ്ടാകുന്നതാണ്. ശയ്ത്വാൻ നമ്മുടെ ഹൃദയങ്ങളിൽ ആധിപത്യം സ്ഥാപിക്കുമോ എന്ന ഭയം എപ്പോഴും ഉണ്ടാകണം; കാരണം അവൻ അതും പാർത്തിരിക്കുകയാണ്. നന്മയുടെ വഴിയിലേക്ക് ശ്രദ്ധയുണ്ടായതിനു ശേഷം തിന്മയുടെ വഴിയിലേക്ക് പോകാൻ പാടില്ല. അല്ലാഹുവിന്റെ ദീനിൽ ഉറച്ചുനില്ക്കുന്നതിനുപകരം അല്ലാഹുവിൽനിന്ന് അകന്നുപോകുന്ന പ്രവർത്തനം നമ്മളിൽനിന്നുണ്ടാകാൻ പാടില്ല. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് ഉമ്മുസൽമ(റ) നിവേദനം ചെയ്യുന്നു. നബി(സ) ഇങ്ങനെ ദുആ ചെയ്യാറുണ്ടായിരുന്നു. ***യാ മുഖല്ലബൽഖുലൂബി ഥബ്ബിത് ഖൽബീഅലാ ദീനിക്ക.*** മനസ്സിനെ മാറ്റിമറിക്കുന്നവനേ, എന്റെ മനസ്സിനെ നിന്റെ ദീനിൽ ഉറപ്പിച്ചുനിറുത്തിയാലും. ഉമ്മുസൽമ പറയുന്നു: ഞാൻ നബി(സ)യോട് ഈ ദുആ നിരന്തരം ചൊല്ലുന്നതിന്റെ കാരണം ചോദിച്ചു. അവിടന്ന് പറഞ്ഞു: ഉമ്മുസൽമാ! മനുഷ്യന്റെ മനസ്സ് അല്ലാഹുവിന്റെ ഈ രണ്ട് വിരലുകൾക്കിടയിലാണ്. (ആലങ്കാരികമായ ഉദാഹരണം പറഞ്ഞതാണ്. അല്ലാഹുവിന് വിരലുകളൊന്നും ഇല്ലല്ലോ) ഏതൊരു വ്യക്തിയെ ഉറപ്പിച്ചുനിറുത്താൻ ആഗ്രഹിക്കുന്നുവോ അവനെ ഉറപ്പിച്ചുനിറുത്തുന്നു. ഏതൊരു വ്യക്തിയെ ഉറപ്പിച്ചുനിറുത്താൻ ആഗ്രഹിക്കുന്നില്ലയോ അവന്റെ മനസ്സിനെ വളച്ചുകളയുന്നു.

ഈ ദുആ നിരന്തരം നബി(സ) ചെയ്തുകൊണ്ടിരുന്ന സ്ഥിതിക്ക് നാം എത്രത്തോളം ഇത് ചെയ്യേണ്ടതാണ്. ഖിലാഫത്ത് ശതവാർഷിക ജൂബിലി സ്വാഗതം ചെയ്യുന്നതിനായി ഞാൻ ചില ദുആകൾ പറഞ്ഞിരുന്നു. അതിൽ ഈ ഖുർആനിക ദുആയുമുണ്ട്. ***റബ്ബനാ ലാ തുസിഗ് ഖുലൂബനാ ബഅ്ദഇദ് ഹദയ്ത്തനാ വാ ഹബ്‌ലനാ മിൻല്ലദുൻക റഹ്മത്തൻ ഇന്നക്ക അൻതൽ വഹ്ഹാബ്.*** ഞങ്ങളുടെ നാഥാ! നീ ഞങ്ങളെ നേർവഴിയിലാക്കിയതിനുശേഷം ഞങ്ങളുടെ ഹൃദയങ്ങളെ തെറ്റിച്ചുകളയരുതേ! നീ ഞങ്ങൾക്ക് നിന്റെ അടുക്കൽ നിന്നുള്ള കാരുണ്യം പ്രദാനം ചെയ്യേണമേ. നിശ്ചയമായും നീ തന്നെയാണ് ഏറ്റവും വലിയ അനുഗ്രഹദാതാവ്. *(3:9)*

നബി(സ)യുടെ ദുആയും ഉപദേശവുമനുസരിച്ചാണ് ഈ ദുആ ചെയ്യുന്നത്. മതത്തെക്കുറിച്ചുള്ള അറിവുണ്ടാകുകയും അതിൽ നിലകൊള്ളുകയും അതനുസരിച്ച് പ്രവർത്തിക്കുകയും അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനകളനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക എന്നത് അല്ലാഹുവിന്റെ അനുഗ്രഹത്താലേ സാധ്യമാവുകയുള്ളൂ. അല്ലാഹുവിന്റെ അനുഗ്രഹത്തെ ആകർഷിച്ചെടുക്കുന്നതിനായി, നമ്മുടെ മനസ്സുകളെ വളഞ്ഞുപോകുന്നതിൽനിന്ന് രക്ഷിക്കേണ്ടത് വളരെ നിർബന്ധമാണ്. അതുകൊണ്ട് ഓരോ അഹ്മദിയും ഈ ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. ചിലത് നിസ്സാര കാര്യമായിരിക്കും, പക്ഷേ അത് മനസ്സിനെ വളച്ചുകളയുന്നതിന് കാരണമായിത്തീരും. പൊതുവെ രണ്ട് കാര്യങ്ങളാണ് ഇതുണ്ടാക്കുന്നത്. ഒന്ന് മുഹബ്ബത്ത് അഥവാ കഠിനമായ സ്നേഹം. രണ്ട് കഠിനമായ ദേഷ്യം. ഇതിലും പാരമ്യതയുണ്ട്. കഠിനമായ സ്നേഹം തന്നെയാണ് കഠിനമായ ദേഷ്യത്തിന് കാരണമായിത്തീരുന്നത്. തന്നോടുള്ള സ്നേഹം അതിജയിക്കുന്ന കാരണത്താലോ ഏതെങ്കിലും അടുത്തബന്ധുവിനോടുള്ള സ്നേഹം അതിജയിക്കുന്ന കാരണത്താലോ ആണ് ദേഷ്യം വരുന്നത്. ചിലപ്പോൾ ഭാര്യയും ഭർത്താവും തമ്മിലുള്ള വഴക്കോ കുടുംബവഴക്കോ തൊഴിൽപരമായ വഴക്കോ ഉണ്ടാകാറുണ്ട്. ഇത്തരം സാഹചര്യത്തിൽ കോപത്തിന്നടിപ്പെട്ട് സ്വബോധം നഷ്ടപ്പെടുന്നു. തന്നത്താൻ സ്നേഹിക്കമ്പോഴാണ് കോപത്തിന്നടിപ്പെടുന്നത്. തന്നെ കൂടാതെ മറ്റൊന്നും അയാൾ കാണുന്നുണ്ടാവില്ല. എന്താണ് പറയുന്നതെന്ന് അയാൾക്കറിയില്ല. തികച്ചും സ്വബോധം നഷ്ടപ്പെട്ടിട്ടുണ്ടാകും. 'ഖളാ' വകുപ്പിൽ ചില കേസുകൾ വരാറുണ്ട്. സ്വന്തം ഹിതത്തിന്നനുസരിച്ച് വിധിയുണ്ടാകുന്നില്ലെങ്കിൽ, അതംഗീകരിക്കാൻ ബന്ധപ്പെട്ട കക്ഷി തയ്യാറാകുന്നില്ല. അവർക്ക് ബോധംപോലും നഷ്ടപ്പെട്ടുപോകുന്നു. 'ചെയ്യാവുന്നതൊക്കെ ചെയ്തോ' എന്നു പറയാൻ തുടങ്ങുന്നു. ശിക്ഷ കിട്ടിക്കഴിയുമ്പോൾ സമൂഹത്തിന്റെ സമ്മർദ്ദം കാരണത്താൽ മാപ്പ് ചോദിക്കുന്നു. തെറ്റ് സംഭവിച്ചുപോയി, ഞങ്ങൾക്ക് മാപ്പുതന്നാലും! ഞങ്ങൾ വിധിയനുസരിച്ച് പ്രവർത്തിച്ചുകൊള്ളാം എന്നും പറയുന്നു.

എന്നാൽ, കേട്ടതുപോലും നടിക്കാത്ത ചിലരുണ്ട്. തൻപ്രമാണിത്വത്തിന്റെ പിടിയിലമർന്നിരിക്കുകയാണവർ. അനുസരിക്കണമെന്ന കാര്യംതന്നെ അവർ മറന്നുപോകുന്നു. തങ്ങളെ ബാധിക്കുന്ന കാര്യമല്ലെങ്കിൽ, ജമാഅ

ത്തിനുവേണ്ടി, ഖലീഫയ്ക്കുവേണ്ടി ജീവൻ ബലിയർപ്പിക്കാൻ തയ്യാറാണെന്ന് വീമ്പിളക്കും. എന്നാൽ, തനിക്കെതിരെ വിധിയുണ്ടായാൽ അതംഗീകരിക്കുകയില്ല. പിന്നീട് ജമാഅത്ത് വ്യവസ്ഥിതിയുടെമേൽ ആക്ഷേപം ഉന്നയിക്കാനും തുടങ്ങുന്നു. അത്തരക്കാരുടെ ഹൃദയം മെല്ലെ മെല്ലെ സ്ഥിരമായിട്ട് വളഞ്ഞുപോകും. കുറച്ച് ഏക്കർ ഭൂമിയിക്കുവേണ്ടി, കള്ളമാന്യതക്കുവേണ്ടി തന്റെ ദീൻപോലും തള്ളിക്കളയുന്നു. അത്തരക്കാരെ വിളിച്ചുവരുത്തി സദസ് സംഘടിപ്പിക്കുകയോ കൂടെയിരുത്തി ഭക്ഷണം കഴിപ്പിക്കുകയോ ചെയ്യുന്നവരുണ്ട്. താൻ നിർബന്ധിതനായതാണെന്ന് പറയുകയും ചെയ്യും. ചിലപ്പോൾ മറ്റു തന്ത്രങ്ങളും ഉണ്ടാകും. ഇന്ന ബന്ധുവിന്റെ മരണത്തിന് അയാൾ വന്നതാണ് അപ്പോൾ കൂടെയിരുന്ന് ഭക്ഷിച്ചുപോയതാണ് എന്നൊക്കെ പറയും. അത്തരക്കാരും ആ കുറ്റവാളിയെപ്പോലെ കുറ്റവാളി തന്നെയാണ്. അവരുടെ പക്കൽ ജമാഅത്ത് വ്യവസ്ഥിതിയ്ക്ക് ഒരു മഹത്വവുമില്ല. ഖലീഫയുടെ വിധിയ്ക്ക് അവരുടെ പക്കൽ ഒരു വിലയുമില്ല. ജമാഅത്ത് ശിക്ഷ കൊടുക്കുന്നത് തെറ്റിൽനിന്ന് പിന്തിരിപ്പിക്കാൻ സാമൂഹികമായ ഒരു സമ്മർദ്ദം ഉണ്ടാകുന്നതിനുവേണ്ടിയാണ്. അതിന് പ്രാധാന്യം കൊടുക്കാതെ ശിക്ഷയ്ക്കു വിധേയരായ ആളെ കൂടെയിരുത്തുകയാണെങ്കിൽ- അത് ഒരു പ്രാവശ്യമായാൽപോലും- ആ കൂടെയിരുത്തുന്നയാൾ തന്റെ കർമ്മംകൊണ്ട് വിളിച്ചുപറയുന്നത്, ശിക്ഷയൊന്നും സാരമില്ല ഞാനും നീയും തമ്മിലുള്ള ബന്ധം ഇപ്പോഴും നിലനില്ക്കുന്നുവെന്നാണ്. ശിക്ഷയ്ക്ക് വിധേയനായ വ്യക്തിയുടെ ഭാര്യയോ മക്കളോ മാതാപിതാക്കളോ അല്ലാത്ത ആരുംതന്നെ അയാളുമായി ബന്ധപ്പെടാൻ പാടില്ല. അവർപോലും ബന്ധപ്പെടുന്നത് ആ വ്യക്തിക്ക് കാര്യങ്ങൾ പറഞ്ഞുമനസ്സിലാക്കി കൊടുക്കാനായിരിക്കണം. അടുത്തബന്ധുവായതിനാൽ അവർക്ക് വിഷമം കൂടുതലുണ്ടാകും. അതുകൊണ്ട് വേദനയോടെ കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കണം. അയാൾക്കുവേണ്ടി ദുആ ചെയ്യണം. ശിക്ഷയ്ക്കു വിധേയനായ വ്യക്തിയുമായി അവർക്ക് പുറമെ ആരെങ്കിലും ബന്ധം വയ്ക്കുന്നുവെങ്കിൽ എന്റെ നോട്ടത്തിൽ അവർ ജമാഅത്ത് വ്യവസ്ഥിതിയെ സംബന്ധിച്ച് ഒരു ബോധവുമില്ലാത്തവരാണ്. ഭാരവാഹികൾ ഇക്കാര്യം പ്രത്യേകം സൂക്ഷിക്കേണ്ടതാണ്.

ചിലർക്ക് ദേഷ്യം വരുമ്പോൾ, മുഖ്ലിസായ എല്ലാ അഹ്മദികളും വളരെ മോശമായിക്കാണുന്ന ചില വാക്കുകൾ പറയുന്നു. വഴക്കുണ്ടായി, ഭാര്യയും ഭർത്താവും തമ്മിൽ കലഹമുണ്ടായി അപ്പോൾ, 'നിനക്കു ചെയ്യാവുന്നതൊക്കെ ചെയ്തോ, എനിക്കൊരു പ്രശ്നവുമില്ല. ഖലീഫ പറയുന്നതൊന്നും ഞാൻ കേൾക്കില്ല' എന്നൊക്കെ വിളിച്ചുപറയുന്നു. അത്തരക്കാർ പിന്നീട് മെല്ലെ മെല്ലെ ജമാഅത്തിനുള്ളിൽനിന്ന് പിന്നാക്കം പോകുന്നു. എന്നാൽ, ഇത് കേൾക്കുന്നയാൾ 'ഇന്നയാൾ ഖലീഫയെ ആദരിക്കുന്നില്ല, ഇയാൾക്ക് ശിക്ഷ കിട്ടണം' എന്നൊക്കെ പറഞ്ഞ് വ്യാകുലതയോടെ കത്തെഴുതുന്നു. അത്തരക്കാർക്ക് ശിക്ഷ കൊടുക്കേണ്ട കാര്യമേയില്ല. അല്പമെങ്കിലും അവരുടെ ഉള്ളിൽ ജമാഅത്തിനോടു ബന്ധമുണ്ടെങ്കിൽ ശിക്ഷ വിധിക്കുമ്പോൾ അതംഗീകരിക്കണമെന്നും ഇല്ലെങ്കിൽ ശിക്ഷ കിട്ടുമെന്നുമുള്ള ബോധം അവർക്കുണ്ടാകും. ശിക്ഷ കൊടുക്കുന്നത് ന്യായം നിറവേറ്റുന്നതിനുവേണ്ടിയാണ്. ഖലീഫയെ എന്തെങ്കിലും പറഞ്ഞതുകൊണ്ടല്ല. അതിനുള്ള ശിക്ഷയുടെ ആവശ്യമേയില്ല. കാരണം താൻ ജമാഅത്തിലില്ലെന്ന് അത്തരക്കാരൻ വിളംബരം ചെയ്തുകഴിഞ്ഞു. അതുകൊണ്ട് അയാളെക്കുറിച്ച് ചിന്തിക്കേണ്ട കാര്യമില്ല. അയാൾ സ്വയം വേർപിരിഞ്ഞുപോകുകയാണ്. ബാക്കിയുള്ള കാര്യം അയാളും അയാളുടെ ദൈവവുമായിക്കൊള്ളട്ടെ.

ഞാൻ പറഞ്ഞതുപോലെ, ഒരുപാട് സ്നേഹമായി കഴിഞ്ഞാൽ അക്കാരണത്താൽ നഷ്ടമുണ്ടാകും. കുട്ടികളെ ശിക്ഷിക്കുമ്പോൾ മാതാപിതാക്കൾ കുട്ടിയോടുള്ള സ്നേഹത്താൽ കോപാന്ധരായിത്തീരുന്നു. അങ്ങനെ മാതാപിതാക്കൾ ജമാഅത്തിന്നെതിരിൽ തിരിയുന്നു. സഹോദരനും സഹോദരിയും തമ്മിലുള്ള സ്നേഹം അതിജയിച്ചുനിൽക്കുന്ന കാരണത്താൽ, ജമാഅത്തിന്റെ വിധിയെ ആക്ഷേപിക്കാൻ തുടങ്ങുന്നു. ഇപ്രകാരം മറ്റു ചില ബന്ധങ്ങളുമുണ്ട്. എന്തായാലും സ്നേഹവും കോപവും കാരണത്താൽ, അതായത്, ഇത് രണ്ടും അതിർകടക്കുമ്പോൾ, ഞാൻ പറഞ്ഞ തിന്മകൾ തല പൊക്കാൻ തുടങ്ങുന്നു. അതുകൊണ്ട് ഓരോ അഹ്മദിയും നല്ലവണ്ണം ഓർത്തിരിക്കേണ്ടതാണ്; അത്തരം ഘട്ടങ്ങൾ വരുമ്പോൾ ഉയർച്ചയും താഴ്ചയും ഉണ്ടാകും. ജമാഅത്തിൽനിന്നും തെറ്റു സംഭവിക്കാം. 'ഖളാ'യിൽനിന്നും തെറ്റുകളുണ്ടാകാം. പക്ഷേ കോപാകുലനാകാതെ അവരുടെ വിധിയെ എപ്പോഴും അംഗീകരിക്കേണ്ടതാണ്. അപ്പീലിന് അവകാശമുണ്ടെങ്കിൽ അപ്പീൽ കൊടുക്കാം. ഇല്ലെങ്കിൽ എന്താണോ വിധിച്ചത് അത് അംഗീകരിക്കേണ്ടതാണ്.

ജമാഅത്ത് വ്യവസ്ഥിതിയോടും ഖിലാഫത്ത് വ്യവസ്ഥതിയോടും ഹസ്റത്ത് മസീഹ് മൗഊദ്(അ) നോടും നബി(സ) തിരുമേനിയോടും അല്ലാഹുവിനോടുമുള്ള സ്നേഹത്തിനുമേൽ ഒരു സംബന്ധവും ബന്ധവും ഉണ്ടാകാൻ പാടില്ല. നാം ദുൻയാവിനെ ദീനിനേക്കാൾ മുന്തിക്കുകയാണെങ്കിൽ നമ്മുടെ വാദം വെറും പൊള്ളയാണ്. ഈ വാദം സത്യമാകണമെങ്കിൽ

എല്ലാ ബന്ധങ്ങളും അല്ലാഹുവിനുവേണ്ടി മാത്രമാകേണ്ടതാണ്. ആരാധനാ കടമകൾ നിറവേറ്റേണ്ടതാണ്. പരസ്പരമുള്ള കടമകളും നിറവേറ്റേണ്ടതാണ്. ജമാഅത്ത് വ്യവസ്ഥിതിയെ ആദരിക്കേണ്ടതാണ്. അപ്പോഴാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ) തന്നെ വിശ്വസിക്കുന്നവർക്കുവേണ്ടി ചെയ്ത പ്രാർത്ഥനയ്ക്ക് നാം അവകാശികളായിത്തീരുന്നത്. തന്നെ വിശ്വസിക്കുന്നവരിൽനിന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ) എന്തൊന്നാണോ പ്രതീക്ഷിച്ചത് ആ പ്രതീക്ഷക്കൊത്ത് നാം ഉയരേണ്ടതാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) നമുക്കുവേണ്ടി നിർണ്ണയിച്ചിട്ടുള്ള ആ വഴിയിലൂടെ നടക്കേണ്ടതുമാണ്.

അവിടന്ന് പറയുന്നു: നമ്മുടെ ജമാഅത്ത് ഇപ്പോൾ തഖ്‌വയോടുകൂടി പ്രവർത്തിക്കേണ്ടത് നിർബന്ധമാണ്. ഔലിയാ ആയിത്തീരുന്നതിന് ശ്രമിക്കേണ്ടതാണ്.

വീണ്ടും പറയുന്നു: ഓർമ്മിച്ചുകൊള്ളുക, സത്യസന്ധവും പരിശുദ്ധവുമായ സ്വഭാവം സാത്വികരുടെ മുഅ്ജിസത്ത്- അമാനുഷിക പ്രവൃത്തിയാണ്. അതിൽ മറ്റാരും പങ്കാളിയില്ല. കാരണം അല്ലാഹുവിൽ ലയിക്കാത്തവന് മുകളിൽനിന്ന് ശക്തി ലഭിക്കുകയില്ല. അതുകൊണ്ട് പരിശുദ്ധമായ സ്വഭാവം കരസ്ഥമാക്കാൻ അവന് സാധ്യമല്ല. അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ അല്ലാഹുവിനോട് പരിശുദ്ധമായ ബന്ധമുണ്ടാക്കുക. പരിഹാസം, ആക്ഷേപച്ചിരി, വൈരം, അസഭ്യം പുലമ്പൽ, അത്യാർത്തി, കളവ്, ദുശ്ചെയ്തി, ദുർനോട്ടം, ദുർഭാവന, ലൗകികതയെ പൂജിക്കൽ, അഹങ്കാരം, പൊങ്ങച്ചം, (ഇത് രണ്ടുമാണ് ഒരുപാട് കലഹങ്ങൾക്ക് കാരണം) സ്വാർത്ഥത (ഇതും കലഹത്തിന് കാരണമാണ്) ഉപദ്രവം, വ്യർത്ഥമായ വിവാദം തുടങ്ങിയവയെല്ലാം നിങ്ങൾ ഉപേക്ഷിക്കുക. അപ്പോൾ ഞാൻ പറഞ്ഞതെല്ലാം നിങ്ങൾക്ക് ആകാശത്തുനിന്ന് ലഭിക്കുന്നതാണ്. സർവശക്തനായ ദൈവം നിങ്ങളെ വലിച്ച് മുകളിലേക്ക് കൊണ്ടുപോയി നിങ്ങളോടൊപ്പം ഉണ്ടാകാത്തിടത്തോളംകാലം, ജീവിതം പ്രദാനം ചെയ്യുന്ന പരിശുദ്ധാത്മാവ് നിങ്ങളിൽ പ്രവേശിക്കാത്തിടത്തോളംകാലം, നിങ്ങൾ ബലഹീനരും അന്ധകാരത്തിൽ അകപ്പെട്ടവരുമായിരിക്കും. എന്നല്ല, ജീവനില്ലാത്ത ഒരു ജഢമായിരിക്കും നിങ്ങൾ. ഈ പരിതസ്ഥിതിയിൽ നിങ്ങൾക്ക് ഏതെങ്കിലും നാശത്തെ നേരിടാനോ, പണവും ഉന്നതിയും ഉള്ള അവസ്ഥയിൽ അഹങ്കാരത്തിൽനിന്ന് രക്ഷപ്പെടാനോ സാധ്യമല്ല. (അഹങ്കാരവും, പൊങ്ങച്ചവും പൈസ ഉണ്ടാകുമ്പോഴാണ് ഉണ്ടാകുന്നത്. നിങ്ങളുടെ ജീവിതത്തെക്കുറിച്ച് ചിന്തിച്ചുനോക്കുക. എന്നാൽ ഇത് കാണാൻ കഴിയും) ഓരോ വശത്തൂടെയും നിങ്ങൾ ശയ്ത്വാന് കീഴ്പ്പെട്ടവരായിരിക്കും. അതുകൊണ്ട് നിങ്ങൾക്കുള്ള ചികിത്സ വാസ്തവത്തിൽ ഒന്നുമാത്രമാണ്, അല്ലാഹുവിന്റെ പക്കൽനിന്നിറങ്ങുന്ന ആ പരിശുദ്ധാത്മാവ്, നിങ്ങളുടെ മുഖത്തെ നന്മയിലേക്കും സാത്വികതയിലേക്കും തിരിച്ചുവിടേണ്ടതാണ്. നിങ്ങൾ ആകാശത്തിലേക്ക് ഉയരുന്നവരാകുക. ഭൂമിയിലേക്ക് അമരുന്നവരാകരുത്. വെളിച്ചത്തിന്റെ പിൻഗാമികളാകുക. ഇരുട്ടിനെ മോഹിക്കുന്നവരാകരുത്; ശയ്ത്വാൻ കടന്നുപോകുന്ന വഴിയിൽനിന്ന് സുരക്ഷിതരാകുന്നതിനുവേണ്ടി. കാരണം ശയ്ത്വാന് എപ്പോഴും രാത്രിയുമായിട്ടാണ് ബന്ധം. പകലുമായി അവന് ബന്ധമില്ല. കാരണം അവൻ ഇരുട്ടിൽ കാലുകുത്തുന്ന പഴയ കള്ളനാണ്.

ഇതാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനങ്ങളുടെ സംക്ഷിപ്തം. അല്ലാഹുതആല, ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ പ്രതീക്ഷക്കൊത്ത് ഉയരാൻ നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. ആകാശത്തിലേക്ക് ഉയരുന്നവരായിത്തീരട്ടെ. ഭൂമിയിലേക്ക് അമരുന്നവരാകാതിരിക്കട്ടെ. അർശുമായിട്ടായിരിക്കണം നമ്മുടെ ബന്ധം. നാം അർശുമായി ബന്ധം സ്ഥാപിക്കുന്നവരാകണം. ലൗകികതയിൽ വീണ് കള്ള മാന്യതയ്ക്കുവേണ്ടി ഭൗതികതയുടെ ദാസരാകരുത്.

ഞാൻ ആദ്യം പറയുകയുണ്ടായി, ഓരോരുത്തരും അവരവരെ വിലയിരുത്തുക. എത്രത്തോളം നാം ഈ തിന്മകളിൽനിന്ന് രക്ഷപ്പെടുന്നവരാണ്, രക്ഷപ്പെടാൻ ശ്രമിക്കുന്നവരാണെന്ന് ആത്മപരിശോധന നടത്തുക. എപ്പോഴും അല്ലാഹുവിനോട് അനുഗ്രഹം ചോദിച്ചുകൊണ്ട്, നിങ്ങൾ നിങ്ങളേയും നിങ്ങളുടെ മക്കളേയും കാലത്തിന്റെ ഇമാമുമായി ചേർത്തുവയ്ക്കുക. ഇതിലാണ് നമ്മുടെ അനശ്വരത നിലകൊള്ളുന്നത്. ഇതിലാണ് നമ്മുടെ നന്മ നിലകൊള്ളുന്നത്. ഇതിൽനിന്നാണ് നമുക്ക് അല്ലാഹുവിന്റെ തൃപ്തി ലഭിക്കേണ്ടത്. അല്ലാഹു നമുക്കിതിന് തൗഫീഖ് നല്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on
2.9.2005
at
Baithur-Rasheed, Humburg, Germany

**വിവ: മുഹമ്മദ് ഇസ്മായീൽ. എച്ച്.എ, ആലപ്പുഴ**

Mobile: 9895 126027; 0497 2702562

Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala